പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2226 **27-10-2026-ൽ മറുപടിയ്ക്ക്**

കൊടുവള്ളി പോലീസ് സ്റ്റേഷന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ഫിറോസ് ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) കൊടുവള്ളി പോലീസ് സ്റ്റേഷനിലെ സ്ഥലപരിമിതി പരിഹരിച്ച് ഉദ്യോഗസ്ഥർക്കും പൊതുജനങ്ങൾക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി സ്റ്റേഷൻ കെട്ടിടത്തിന്റെ രണ്ടാം നില വിപുലീകരിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ബി) പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാം നില വിപുലീകരിക്കുന്നതിനായി കേരള പോലീസ് ഹൗസിംഗ് ആൻഡ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ തയ്യാറാക്കിയ പ്ലാനും എസ്റ്റിമേറ്റും സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; പ്രസ്തുത പദ്ധതിക്ക് ആവശ്യമായ അനുമതിയും ഫണ്ടും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) കൊടുവള്ളി പോലീസ് സ്റ്റേഷനിൽ നിലവിലുള്ള ഒരു ഔദ്യോഗിക വാഹനം ഉപയോഗിച്ച് ക്രമസമാധാനപാലനവും ദൈനംദിന പട്രോളിംഗും നിർവഹിക്കുന്ന സാഹചര്യത്തിൽ വാഹനത്തിന്റെ ഉപയോഗക്ഷമതയും സ്റ്റേഷന്റെ അധിക വാഹന ആവശ്യകതയും പരിശോധിച്ചിട്ടുണ്ടോ;

മറുപടി: കൊടുവള്ളി പോലീസ് സ്റ്റേഷനിൽ നിലവിലുള്ള വാഹനത്തിന്റെ ഉപയോഗക്ഷമത പരിശോധിച്ചിട്ടുണ്ട്. പോലീസ് സ്റ്റേഷനുകളിലേക്ക് പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് 2026-27 സ്റ്റേറ്റ് പ്ലാൻ സ്കീം പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ നിലവിൽ നടന്നു വരികയാണ്. വാഹനം വാങ്ങുന്ന നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഒരു വാഹനം കൊടുവള്ളി പോലീസ് സ്റ്റേഷനിലേക്ക് അനുവദിക്കാവുന്നതാണ്.

കെട്ടിടവിപുലീകരണ പദ്ധതിയുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസ് മേധാവിയിൽ നിന്നും ശിപാർശ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(ഡി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കെട്ടിടവിപുലീകരണ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനും നിലവിലുള്ള വാഹനത്തിന്റെ

അറ്റകുറ്റപ്പണികൾ ഉറപ്പാക്കുന്നതിനും ആവശ്യകതയ്ക്കനുസരിച്ച് ഒരു അധിക ഔദ്യോഗിക വാഹനം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>മറുപടി:</u> മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ